*22-06-2026*
*Question Hour*

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*1)

**നെല്ല് സംഭരണം**

1(*1) ശ്രീ. എ. ഡി. തോമസ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ.:
ശ്രീ. പഴകുളം മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരണത്തിലെ വീഴ്ചകൾമൂലം കർഷകർ വലിയ പ്രതിസന്ധി നേരിടേണ്ടി വന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻസർക്കാരിന്റെ കാലഘട്ടത്തിൽ യഥാസമയം സംഭരണം നടക്കാതെയും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ പലവിധത്തിലുള്ള പ്രതിസന്ധികൾ നേരിട്ടു. കൂടാതെ മില്ലുടമകളുടെ നിസ്സഹകരണം, കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാകുന്നതിലെ കാലതാമസം തുടങ്ങിയ ചില സാങ്കേതികവും സാഹചര്യജന്യവുമായ കാരണങ്ങളാൽ നെല്ല് സംഭരണ പ്രക്രിയയിൽ ചില വെല്ലുവിളികൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഇതുമൂലം വിവിധ ജില്ലകളിൽ കർഷകർക്ക് പ്രയാസങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് യഥാസമയം സംഭരണ വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2025-26 രണ്ടാം വിള സീസണിൽ പരീക്ഷണാടിസ്ഥാനത്തിൽ (Pilot Project) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ (PACS) പി.ആർ.എസ്. വായ്പ

*22-06-2026*
*Question Hour*

നൽകുന്നതിനുവേണ്ടി ഉൾപ്പെടുത്തി മുൻ സർക്കാർ 2 പദ്ധതി നടപ്പാക്കിയിരുന്നു. 20-02-2026-ലെ സ.ഉ.(കൈ) നം.05/2026/F&CS പ്രകാരം *(അനുബന്ധം II)+* പാലക്കാട് ജില്ലയിലെ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന കർഷകർക്ക് PRS വായ്പാ പദ്ധതി വഴി സംഭരണവില ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ അനുമതി നൽകുകയും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി, സപ്ലൈകോയും ബന്ധപ്പെട്ട പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും (PACS) തമ്മിൽ ധാരണാപത്രം (MoU) ഒപ്പുവെച്ച് പദ്ധതി നടപ്പാക്കുന്നതിനും ഇതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഉത്തരവിൽ നിർദേശിച്ചിരുന്നു. എന്നാൽ സംഭരണ സീസൺ ആരംഭിച്ചതിന് ശേഷമാണ് PACS-കളെ ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പാക്കപ്പെട്ടത്. ആയത് രണ്ട് മാസത്തോളം പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം വൈകുന്നതിന് ഇടയാക്കി. ഇതിനോടകംതന്നെ സപ്ലൈകോ മില്ലുകളുമായി സംഭരണ-സംസ്കരണ കരാറുകളിൽ ഏർപ്പെട്ടിരുന്നതിനാൽ പുതിയ സംവിധാനം നിലവിലുള്ള സംവിധാനവുമായി ഏകോപിപ്പിക്കുന്നതിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു. 06-04-2026 മുതലാണ് PACS-കൾ വഴിയുള്ള PRS വായ്പ നൽകൽ ആരംഭിച്ചത്. എന്നാൽ നാളിതുവരെ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ട 74 PACS-കളിൽ (അനുബന്ധം III)+ തനത് ഫണ്ടുള്ള 31 ബാങ്കുകൾ മാത്രമാണ് കർഷകർക്ക് PRS തുക നൽകിയിട്ടുള്ളത്. ആയത് പ്രകാരം നാളിതുവരെ ടി ബാങ്കുകൾ 8192 കർഷകർക്ക് PRS വായ്പയായി 64.52 കോടി രൂപ നൽകിയിട്ടുണ്ട്. തുടർന്ന് 05-06-2026-ലെ സ.ഉ.(കൈ) 2 നം.13/2026/F&CS നമ്പർ പ്രകാരം *(അനുബന്ധം IV)+* പാലക്കാട് ജില്ലയിലെ PRS വായ്പ സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് ടി പദ്ധതിയിൽ നിന്നും PACS-നെ ഒഴിവാക്കി നിലവിലുള്ള SBI/Canara ബാങ്ക് കൺസോർഷ്യത്തിൽനിന്നും PRS വായ്പ നൽകുന്നതിനും നിലവിലുള്ള വായ്പാ പരിധി 1100 കോടി രൂപയിൽനിന്നും 1600 കോടി രൂപയാക്കി ഉയർത്തുകയും ചെയ്തു.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് പ്രകാരം നിലവിൽ 2026 മേയ് 30 വരെയുള്ള വെരിഫിക്കേഷൻ പൂർത്തീകരിച്ച PRS-കൾക്ക് SBI/Canara ബാങ്കുകൾ മുഖേന PRS തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് നിർദേശങ്ങൾ ജില്ലാ കൃഷി ഓഫീസർ മുഖേന കൃഷിഭവനുകൾ വഴി കർഷകർക്ക് നൽകിയിട്ടുണ്ട്. നിലവിൽ ബന്ധപ്പെട്ട എല്ലാ നടപടികളും വേഗത്തിലാക്കി കർഷകർക്ക് ലഭിക്കാനുള്ള തുക എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക പിന്തുണ, സാങ്കേതിക ഏകീകരണം, പ്രവർത്തന പരിചയം എന്നിവ പൂർണ്ണതയിൽ ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കപ്പെട്ടത്. PACS വഴി മുഴുവൻ സംഭരണ പ്രക്രിയയും നടത്താനാണ് ആദ്യം ഉദ്ദേശിച്ചിരുന്നതെങ്കിലും പ്രായോഗിക തലത്തിൽ ഇത് PRS ലോൺ വിതരണം മാത്രമായി ചുരുങ്ങുകയാണുണ്ടായത്. ഇതിന്റെ വിതരണവും പൂർണ്ണതോതിൽ നടപ്പായില്ല. കേരള ബാങ്കിൽനിന്നും Special Liquidity Assistance (SLA) കിട്ടിയിട്ട് നൽകാമെന്ന് കരുതിയെങ്കിലും ആയത് ലഭ്യമാകാത്തത് കർഷകർക്ക് PRS തുക ലഭിക്കുന്നതിന് തടസ്സമാകുകയും ചെയ്തു. കർഷകരുടെ താൽപര്യങ്ങൾ പരമപ്രധാനമായി പരിഗണിച്ച് ഇത്തരം വിഷയങ്ങൾ വിശദമായി വിലയിരുത്തുകയും നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) നെല്ല് സംഭരണമേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനും കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിലെ ബാങ്ക് കൺസോർഷ്യം വഴി നെല്ല് സംഭരണത്തിനായി അനുവദിച്ചിട്ടുള്ള വായ്പ പരിധി 1100 കോടി രൂപയിൽനിന്നും 1600 കോടി രൂപയായി ഉയർത്തി *(അനുബന്ധം IV)*+ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 05-06-2026-ലെ സ.ഉ.(സാധാ) നം. 122/2026/F&CS (*അനുബന്ധം V*)+ പ്രകാരം SBI/Canara ബാങ്കുകളിൽ നിന്നുള്ള PRS വായ്പ പദ്ധതി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*22-06-2026*
*Question Hour*

കർഷകരുടെ രജിസ്ട്രേഷൻ ഘട്ടം മുതൽ സംഭരിച്ച നെല്ലിന്റെ വിതരണം വരെയുള്ള മുഴുവൻ പ്രക്രിയകളിലും സുതാര്യത ഉറപ്പാക്കിക്കൊണ്ട് മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മില്ലുടമകളുമായി നിലനിന്നിരുന്ന വിഷയങ്ങൾ ചർച്ചകളിലൂടെ പരിഹരിച്ച് നെല്ല് സംഭരണം തടസ്സമില്ലാതെ നടക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കിയിട്ടുണ്ട്.

(സി) നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി സർക്കാർ ദീർഘകാലാടിസ്ഥാനത്തിലുള്ള വിവിധ നടപടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നെല്ല് സംഭരണം, സംസ്കരണം മില്ലുകളിലേക്കുള്ള വിതരണം, ഗുണനിലവാര പരിശോധന, കർഷകർക്ക് പണം കൈമാറൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളും ഏകോപിപ്പിക്കുന്ന സമഗ്ര ERP (Enterprise Resource Planning) സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിലൂടെ തത്സമയ നിരീക്ഷണവും പ്രവർത്തന കാര്യക്ഷമതയും ഉറപ്പാക്കാനാകുന്നതാണ്. നെല്ല് സംഭരിച്ചതിനുശേഷം പരമാവധി കുറഞ്ഞ സമയത്തിനുള്ളിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക കൈമാറുന്നതിനുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ഓഡിറ്റും അക്കൗണ്ട്സ് തീർപ്പാക്കലും (ACCOUNTS FINALIZATION) വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിതരണ ശൃംഖലയിൽ വിജയകരമായി നടപ്പാക്കിയ വി.എൽ.ടി.എസ്. (VLTS) സംവിധാനം നെല്ല് സംഭരണമേഖലയിലേക്കും വ്യാപിപ്പിക്കുന്നതിനായി സി-ഡാക്കുമായി സഹകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ ട്രയൽ റൺ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നതോടൊപ്പം, മില്ലുടമകളിൽനിന്ന് വാഹനവിവരങ്ങൾ ശേഖരിച്ച് സി-ഡാക്കിന്റെ സംവിധാനത്തിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. വിവിധ കാരണങ്ങളാൽ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുള്ള തുകകൾ ലഭ്യമാകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും

കുടിശ്ശികകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ആവശ്യമായ ഇടപെടലുകളും തുടർനടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. എ. ഡി. തോമസ്: സർ, കർഷകരുടെ ജീവിതം അതീവ ഗുരുതര പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കാലാവസ്ഥാ വ്യതിയാനവും ഉൽപാദനക്കുറവുമെല്ലാം നെൽകർഷകരെ പ്രതിസന്ധിയിലാക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അതിനിടയിൽ സ്വകാര്യ മില്ലുകളുടെ ചൂഷണം നെൽകർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നെല്ല് സംഭരണത്തിലെ കിഴിവ് എന്നത് മില്ലുകാർ കർഷകരുടെമേൽ അടിച്ചേല്പിക്കുന്ന കൊള്ളയാണ്. ഒരു ക്വിന്റൽ നെല്ല് സംസ്കരിച്ചാൽ 68 കിലോഗ്രാം ലഭിക്കണമെന്നാണ് കേന്ദ്രനിയമം. എന്നാൽ നിലവിൽ കാലാവസ്ഥയുടെ പേര് പറഞ്ഞ് 3 മുതൽ 15 കിലോഗ്രാം വരെ കിഴിവാണ് മില്ലുകാർ ചോദിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പ്രശ്നമുണ്ടാക്കിയ മില്ലുകാരെ തന്നെ വീണ്ടും സംഭരണത്തിന് ഏല്പിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. നെല്ല് സംഭരണത്തിന് സ്വകാര്യ മില്ലുകളെമാത്രം ആശ്രയിക്കുന്ന രീതി അവസാനിപ്പിച്ച് സപ്ലൈകോ വഴി അധുനിക സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം കരാർ ലംഘിക്കുന്ന മില്ലുകളെ കരിമ്പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, കിഴിവിനെ സംബന്ധിച്ച പ്രശ്നങ്ങൾ വളരെനാളുകളായി നിലനിൽക്കുന്ന ഒന്നാണ്. കേന്ദ്ര മാനദണ്ഡപ്രകാരം 68 ശതമാനമാണ് ലഭ്യമാക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് അറുപത്തിനാലര ശതമാനവും അറുപത്തിയാറര ശതമാനവുമായി പുനർനിർണ്ണയിക്കപ്പെട്ടിരുന്നു. പിന്നീട് അത് കോടതി വ്യവഹാരങ്ങളിലേക്ക് പോയി. നിലവിൽ 68 ശതമാനമെന്ന നിലയിലാണ് നിലനിൽക്കുന്നത്. ഔട്ട് ടേൺ റേഷ്യോ (ഒ.ടി.ആർ.) 68 ശതമാനമാണ്. സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കാത്ത സ്വകാര്യ മില്ലുകളെ പ്രത്യേക പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. സപ്ലൈകോയുടെ കേന്ദ്രീകൃത സംവിധാനത്തിൽ മില്ലുകളെ കൊണ്ടുവരാൻ കഴിയുമോയെന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. സപ്ലൈകോ

കേന്ദ്രീകരിച്ച് മില്ലുകൾ ആരംഭിച്ചാൽ അത് കുറച്ചുകൂടി മെച്ചപ്പെട്ടതായിരിക്കും. അതിനുള്ള സാഹചര്യങ്ങളും സാധ്യതകളും പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. എ. ഡി. തോമസ്: സർ, നെല്ല് സംഭരണത്തിനായി കർഷകർക്ക് PRS വായ്പകൾ തടസ്സമില്ലാതെ നൽകുന്നതിനായി റിവോൾവിങ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ഗവൺമെന്റ് ചുമതലയേറ്റശേഷം നടത്തിയ മീറ്റിങ്ങുകളിൽ റിവോൾവിങ് ഫണ്ടിന്റെ വിഷയം മുന്നോട്ടുവച്ചിരുന്നു. അതുസംബന്ധിച്ച് ഒരു പദ്ധതി സപ്ലൈകോയിൽനിന്നും മുന്നോട്ടുവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ സാധ്യതകൾ ഗവൺമെന്റ് തീർച്ചയായും പരിഗണിക്കും. പി.ആർ.എസ്. വായ്പയുടെ തിരിച്ചടവിന് കാലതാമസമുണ്ടാകുമ്പോൾ അത് കർഷകരുടെ ബാധ്യതയാകാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നുണ്ട്.

ശ്രീമതി ഉമ തോമസ്: സർ, കർഷകർക്ക് നെല്ല് സംഭരിച്ച പണം കൃത്യമായി ലഭ്യമല്ലാത്തതിനാൽ അവർ എടുത്തിരിക്കുന്ന വായ്പയും മറ്റും മുടങ്ങിയിരിക്കുകയാണ്. തണക്കുന്നവനാണ് പുതപ്പിന്റെ ആവശ്യം. കൃത്യസമയത്ത് തുക ലഭിക്കാത്തതിനാൽ ജൂൺ, ജൂലൈ മാസങ്ങളിൽ കർഷകർക്ക് പുതിയ വിത്ത്, വളം, കീടനാശിനികൾ എന്നിവ വാങ്ങുന്നതിന് അസൗകര്യം നേരിടുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാത്രമല്ല, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ റൈസ് റിസർച്ച് സ്റ്റേഷന്റെ സേവനം പ്രയോജനപ്പെടുത്തി ആധുനികരീതിയിലുള്ള സങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ വിത്തിനങ്ങൾ ഉൽപാദിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട അംഗം ഉദ്ദേശിക്കുന്ന ഒരു വിഷയം പി.ആർ.എസ്. വായ്പ തിരിച്ചടവിന്റെ കാലതാമസം കർഷകന്റെ സിബിൽ സ്കോർ (CIBIL Score)-നെ ബാധിക്കുകയും കർഷകരുടെ തുടർആവശ്യങ്ങൾക്ക് തടസം വരുന്നുവെന്ന നിലയിലാണ്. അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമെന്നാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. കർഷകരുടെ സിബിൽ സ്കോറിനെ ബാധിക്കാത്ത നിലയിൽ ആ പദ്ധതി

കൊണ്ടുവരാൻ കഴിയുന്ന നിലയിലേക്കാണ് ഉദ്ദേശിക്കുന്നത്. സപ്ലൈകോയുടെ പോർട്ടലുമായി വെബ് സർവീസ് ഇന്റഗ്രേഷൻ നടത്തുകയെന്ന ലക്ഷ്യം അക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. തൃക്കാക്കര നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുള്ള പദ്ധതിയെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം മറുപടി പറയാം.

ശ്രീ. സെബാസ്റ്റ്യൻ എം. ജെ.: സർ, സംസ്ഥാനത്ത് നെല്ല് സംഭരണശാലകളുടെ അഭാവംമൂലം എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. അനൂപ് ജേക്കബ്: സർ, പാഡി ഫീൽഡിൽനിന്നും നെല്ല് എടുത്ത് നേരെ മില്ലിലേക്കാണ് പോകുന്നത്. നിലവിൽ സംഭരണ കേന്ദ്രങ്ങൾ ഒരിടത്തും ഇല്ല. അതിനാൽ പ്രയോഗിക തലത്തിൽ കർഷകർ വലിയ പ്രയാസങ്ങൾ നേരിടുന്നുണ്ട്. നെല്ല് സംഭരിക്കാൻ സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന വിഷയങ്ങൾ കർഷകരെ സംബന്ധിച്ച് വലിയ പ്രതിസന്ധിയുണ്ടാക്കുന്നതാണ്. അത് പലപ്പോഴും മാധ്യമങ്ങളിൽ വലിയ ചർച്ചയാകാറുണ്ട്. നെല്ല് സംഭരണത്തിനുവേണ്ടി ഗോഡൗണുകൾ/ ഇന്റർമീഡിയേറ്റ് സിസ്റ്റം കൊണ്ടുവരാൻ കഴിയുമോ എന്നതിന്റെ സാധ്യതകൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഒന്നാണ്.

ശ്രീ. പഴകുളം മധു: സർ, കേരളത്തിൽ നെൽകൃഷി ഏതാണ്ട് പൂർണ്ണമായും ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. നെൽ സംഭരണമാണ് നെൽകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നെല്ല് സംഭരണത്തിലെ കാലതാമസംമൂലം ഉൽപാദിപ്പിച്ച നെല്ല് മഴയും വെയിലുമേറ്റ് നശിച്ചുപോകുന്നത്, കുട്ടനാടൻ പാടശേഖരങ്ങളിലുൾപ്പെടെ കേരളത്തിലെ നെല്ല് ഉൽപാദന മേഖലകളിലെ പ്രധാനപ്പെട്ട പ്രശ്നമാണ്. കാലാവസ്ഥമൂലം ഇങ്ങനെ നെല്ല് നശിച്ചുപോകുന്നത് ഒഴിവാക്കുന്നതിന് ഉൽപാദിച്ച ഉടൻതന്നെ നെല്ല് സംഭരണം നടത്തുകയും അതിന് വില ഉടൻതന്നെ നൽകുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, സംഭരണത്തിന്റെ സമയത്ത് പി.ആർ.എസ്. നൽകാറില്ല, പിന്നീടാണ് നൽകുന്നത്. നെല്ലിന്റെ തൂക്കത്തിന്റെ രസീത് മാത്രമാണ് നൽകുന്നതെന്നാണ് അറിയാൻ സാധിച്ചത്. സംഭരിക്കുന്ന സമയത്തുതന്നെ നെല്ലിന്റെ തൂക്കവും

ക്വാളിറ്റിയും കണക്കാക്കി ഓൺ ദി ഫീൽഡിൽതന്നെ പി.ആർ.എസ്. ഇഷ്യൂ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയങ്ങൾ കുറെ പരിഹരിക്കാൻ സാധിക്കും. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ തുക കൃത്യമായി കർഷകന്റെ അക്കൗണ്ടിലേക്ക് എത്തിച്ചേരുകയെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള ഒരു സിസ്റ്റം ഏകീകരിക്കുകയെന്നതാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്.

ശ്രീ. ജി. ആർ. അനിൽ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വിലയുടെ കുടിശ്ശികയായി എത്ര രൂപ കൊടുക്കാനുണ്ട്; കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര രൂപ സംസ്ഥാനത്തിന് ലഭിക്കാനുണ്ട്?

ശ്രീ. അനൂപ് ജേക്കബ്: സർ, ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ സമർപ്പിക്കാനുള്ള കാലതാമസംകാരണം 320 കോടി രൂപയാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ളത്. അതിനുവേണ്ടിയുള്ള ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാൻ സപ്ലൈകോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത ആറുമാസത്തിനുള്ളിൽ അത് പൂർത്തിയാക്കി നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ, വിവിധ തലങ്ങളിലുള്ള കുടിശ്ശിക സംസ്ഥാന ഗവൺമെന്റിന് ലഭിക്കാനുണ്ട്. കഴിഞ്ഞ സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ 702 കോടി രൂപയാണ് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ലഭ്യമാക്കാനുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി താലൂക്കിൽ റേഷൻ വിതരണം കരാറുകാരൻ മനഃപൂർവം വൈകിപ്പിക്കുന്നത് പതിവായിരിക്കുകയാണ്. ഇതുമൂലം സാധാരണക്കാർക്ക് റേഷൻ ലഭിക്കാത്ത സാഹചര്യമാണ്. കരാറുകാരൻ റേഷൻ വിതരണം വൈകിപ്പിച്ച് അഴിമതി നടത്താൻ സാഹചര്യമൊരുക്കുകയാണ്. മില്ലുകാരും കരാറുകാരും തമ്മിലുള്ള അവിശുദ്ധമായ കൂട്ടുകെട്ട് പലപ്പോഴും അരി വിതരണത്തിലെ തൂക്കക്കുറവിന് കാരണമാകുന്നു. ഇത്തരത്തിൽ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരനെ നീക്കി റേഷൻ വിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ എന്നോട് സൂചിപ്പിച്ച വിഷയമാണിത്. അതിന്റെയടിസ്ഥാനത്തിൽ ചാലക്കുടി, തൃശ്ശൂർ താലൂക്കുകളിലെ പ്രവർത്തനങ്ങൾ എന്താണെന്ന് പരിശോധിക്കാൻ നിർദേശം നൽകിയിരുന്നു.

അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അവിടെ റേഷൻ വിതരണം കൃത്യമായ നിലയിൽ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കും. ഇവിടെ സൂചിപ്പിച്ചതുപോലെ എന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ അതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ നെല്ല് സംഭരണം ആരംഭിച്ചത് കേരളത്തിലെ നെൽകർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ ഈ സംഭരണത്തിന്റെ മറവിൽ തമിഴ്നാട്ടിൽനിന്നും നിലവാരം കുറഞ്ഞ നെല്ല് ഇഷ്ടാനുസരണം കൊണ്ടുവരികയും കേരളത്തിലെ നെല്ല് സംസ്കരിച്ചെടുത്ത ഗുണമേന്മയുള്ള അരിയുടെ കൂട്ടത്തിൽ അതുൾപ്പെടുത്തി റേഷൻ കടകൾ വഴി വിതരണം നടത്തുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ സാഹചര്യം കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്?

ശ്രീ. അനൂപ് ജേക്കബ്: സർ, നെല്ലിന്റെ സംഭരണവും വിതരണവും കൃത്യതയോടെ നടപ്പാക്കുകയെന്നതാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്. സംഭരിക്കുന്ന നെല്ലുതന്നെയാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതോടൊപ്പം ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കാനുള്ള കാര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ തലത്തിലും അതിന്റെയൊരു ഏകീകരണം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കും. അതിനായി പ്രാഥമിക ചർച്ചകളും നടപടികളും സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, സംസ്ഥാനത്ത് നെല്ല് സംഭരിക്കപ്പെടേണ്ട കർഷകരിൽ പകുതിയോളവും എന്റെ ജില്ലയായ പാലക്കാടാണുള്ളത്. നാൽപ്പത്തി അയ്യായിരത്തോളം കർഷകരിൽനിന്നാണ് ഓരോ സീസണിലും നെല്ല് സംഭരിക്കേണ്ടത്. ഈ മേയ് മാസം അവസാനംവരെ ഏകദേശം പതിനയ്യായിരം കർഷകരിൽനിന്ന് മാത്രമാണ് നെല്ല് സംഭരിച്ചിരുന്നത്. അത്രത്തോളം കുത്തഴിഞ്ഞ അവസ്ഥയായിരുന്നു. സഹകരണ സംഘങ്ങളെ ഏല്പിച്ചതാണ് ഇതിന് പ്രധാനപ്പെട്ട കാരണം. സഹകരണ സംഘങ്ങൾ പലകാരണങ്ങൾ പറഞ്ഞ്, പ്രധാനമായും ഓൺ ഫണ്ടില്ലെന്ന കാരണം പറഞ്ഞ്

ഇതിൽനിന്നും ഒഴിവാകുകയായിരുന്നു. ഇപ്പോൾ ആ നയത്തിൽ ഗവൺമെന്റ് മാറ്റം വരുത്തിയത് നല്ല കാര്യം. എനിക്ക് ഇതിൽ സ്പെസിഫിക്കായി ചോദിക്കാനുള്ള ഒരു കാര്യം, പാലക്കാട് ജില്ലയിൽ പുഞ്ചയടക്കം മൂന്ന് ക്രോപ്പുകളിലായി സ്ഥിരമായിത്തന്നെ നെല്ല് സംഭരണം നടക്കേണ്ടതായിട്ടുണ്ട്. എന്നാൽ അതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ പാലക്കാട് ജില്ലയിലില്ല. പാഡി മാർക്കറ്റിങ് ഓഫീസർമാർക്ക് അതിനുള്ള യാതൊരു സൗകര്യവുമില്ല. കളക്ട്രേറ്റിന്റെ വരാന്തയിലിരുന്നാണ് ഏകദേശം അറുപതോളം ജീവനക്കാർ വെരിഫിക്കേഷൻ പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നത്. അവർക്ക് ഇരിക്കാൻ ഒരു റൂം പോലുമില്ല. പുതിയ കളക്ടർ വന്നതിനുശേഷം താൽക്കാലിക ക്രമീകരണം നൽകിയിട്ടുണ്ട്. സീസണിൽ ഏകദേശം അറുപതോളം ആളുകളും അല്ലാത്ത സമയം 20-25 ആളുകളും ഇതിൽ സ്ഥിരമായി വർക്ക് ചെയ്യേണ്ടതുണ്ട്. കളക്ട്രേറ്റുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ തൊട്ടടുത്ത അനുയോജ്യമായ സ്ഥലത്ത് ഇവർക്ക് സ്ഥിരമായി നല്ലൊരു ഓഫീസ് സംവിധാനമൊരുക്കാൻ തയ്യാറാകുമോ; അതിനുള്ള അടിയന്തര നിർദേശം നൽകിയില്ലെങ്കിൽ അടുത്ത ക്രോപ് സീസണിലും ഇത് അനന്തമായി നീണ്ടുപോകുന്ന അവസ്ഥയുണ്ടാകും. അതിനുള്ള അടിയന്തര നടപടി ഉടൻ സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, മേയ് 30 വരെ ക്ലെയിമുകൾ സമർപ്പിച്ച കർഷകർക്കുള്ള തുക വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പാലക്കാട് ജില്ലയിലുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ശനിയാഴ്ചവരെ ഏകദേശം 217 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രതിപാദിച്ചതുപോലെ പാലക്കാട് ജില്ലയിൽനിന്നും PACS പൂർണ്ണമായും ഒഴിവാക്കി, എസ്.ബി.ഐ., കാനറാ ബാങ്ക് കൺസോർഷ്യത്തിലേക്ക് കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 05-06-2026-ൽ കൂടിയ മീറ്റിങ്ങിൽ തീരുമാനമെടുത്തു. അതനുസരിച്ച് നെല്ലിന്റെ സംഭരണവും തുകയുടെ വിതരണവും കൃത്യതയോടെ നടത്താൻ കഴിയുന്നുണ്ട്. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ ബാക്കിയുള്ള കർഷകർക്ക് തുക ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാഡി മാർക്കറ്റിങ് ഓഫീസർമാരുടെ കാര്യങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യം ലഭ്യമാക്കുക എന്നുള്ളതാണ്

അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. എങ്ങനെയാണ് അതിന്റെ സൗകര്യമെന്ന് പരിശോധിച്ച് അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. നെല്ല് വിത്തിടുന്ന സമയത്തുതന്നെ സംഭരണത്തിനുള്ള സംവിധാനംകൂടി മുൻകൂട്ടി ഒരുക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് എന്റെ നിർദേശം. ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞ് കർഷകരെ ബുദ്ധിമുട്ടിപ്പിക്കുന്ന സാഹചര്യമുണ്ട്. ഉദാഹരണമായി, ഒരു ബാഗിൽ 55 കിലോ നെല്ല് മാത്രമെ നിറയ്ക്കാൻ സാധിക്കുവെന്ന് പറഞ്ഞു. എന്നാൽ പല കർഷകരും അതറിയാതെ ഒരു ബാഗിൽ 60-70 കിലോ വരെ നിറച്ചിട്ടുണ്ടെങ്കിൽ അവർക്ക് പി.ആർ.എസ്. കൊടുക്കാത്ത സാഹചര്യമുള്ളതിനാൽ അതിനുപിറകെ കർഷകർ വളരെക്കാലം നടക്കേണ്ടിവരുന്നുണ്ട്. ഇത്തരത്തിലുള്ള സാങ്കേതികത്വം ഒഴിവാക്കിക്കൊണ്ട് നെല്ല് വിത്തിടുന്ന സമയത്തുതന്നെ സംഭരിക്കാനുള്ള സംവിധാനവും അതിന്റെ പ്രോസസും ആരംഭിക്കാനും സംഭരിച്ച ഉടൻതന്നെ അവർക്ക് പണം കൊടുക്കാനുമുള്ള സംവിധാനമൊരുക്കാൻ കഴിയുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, വരുന്ന സീസണിൽ വിളവെടുപ്പിന് മുമ്പുതന്നെ കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന നിർദേശം നൽകിക്കഴിഞ്ഞു. അതനുസരിച്ച് അതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുമെന്ന് കരുതുന്നു. നെല്ലിന്റെ തൂക്കം സംബന്ധിച്ച പ്രശ്നം ശ്രദ്ധയിൽവന്നിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയും ഭാവിയിൽ ആവർത്തിക്കരുതെന്ന നിർദേശവും നൽകിയിട്ടുണ്ട്. എത്രയുംവേഗം കർഷകർക്ക് തുക ലഭ്യമാക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതിനനുസൃതമായി മേയ് 30 വരെയുള്ള ക്ലെയിമുകൾക്കുള്ള പണം കർഷകരുടെ അക്കൗണ്ടിലേക്ക് എത്തിതുടങ്ങിയിട്ടുണ്ട്. 217 കോടി രൂപയോളം ഇക്കഴിഞ്ഞ ശനിയാഴ്ച വരെ സപ്ലൈകോ വഴി കർഷകർക്ക് പി.ആർ.എസ്. മുഖേന വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയത്ത് കൃത്യമായി കൊടുക്കുന്നതിനുപകരം അത് പി.ആർ.എസ്. ലോണായി കൊടുക്കുന്ന

പ്രവണതയാണ് കുറെ നാളുകളായി അവലംബിച്ചിട്ടുള്ളത്. പി.ആർ.എസ്. ലോൺ വഴി ലഭിക്കുന്ന തുക സർക്കാർ കൃത്യമായ സമയത്ത് തിരിച്ചടയ്ക്കാത്തതുമൂലം സിബിൽ സ്കോർ താഴ്ന്നുപോകുന്നതുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ കർഷകർ നേരിടുകയാണ്. കർഷകർ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റ് പലകാര്യങ്ങൾക്കുംവേണ്ടി ലോണിന് അപേക്ഷിക്കും. സിബിൽ സ്കോർ കുറവായതിനാൽ ഇപ്പോൾ കർഷകർ പല സ്ഥലങ്ങളിലും ആളുമാറിയാണ് ലോണിന് അപേക്ഷിക്കുന്നത്. പി.ആർ.എസ്. ലോൺ സംവിധാനത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പി.ആർ.എസ്. ലോൺ യഥാസമയം കൃത്യമായി അടയ്ക്കുവാനുള്ള സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ വിഷയം ബഹുമാനപ്പെട്ട തൃക്കാക്കര അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി നൽകിയിരുന്നു. പി.ആർ.എസ്. സിസ്റ്റത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. അതിനെ കുറച്ചുകൂടി കൃത്യതയോടെ ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ലക്ഷ്യംവയ്ക്കുന്നുണ്ട്. അതിന്റെ ഭാഗമായി ബാങ്ക് കൺസോർഷ്യവും പി.ആർ.എസ്. ലോൺ വിവരങ്ങളും യഥാസയമം ലഭ്യമാക്കുന്ന സപ്ലൈകോ പോർട്ടലുമായി വെബ് സർവീസ് ഇന്റഗ്രേഷൻ നടപ്പാക്കാൻ ലക്ഷ്യംവയ്ക്കുന്നുണ്ട്. കർഷകർക്ക് പി.ആർ.എസ്. ഇഷ്യൂ ചെയ്യുന്ന സമയത്ത് ബാങ്കുകാർ അത് അപ്ഡേറ്റ് ചെയ്യാതെ വരുമ്പോഴുണ്ടാകുന്ന ടെക്നിക്കൽ ഇഷ്യൂവാണ് ഇങ്ങനെയൊരു പ്രതിസന്ധിയിലേക്ക് നീങ്ങുന്നത്. അത് സിബിൽ സ്കോറിനെ ബാധിക്കുന്ന നിലയിലേക്ക് വന്നിട്ടുണ്ട്. സപ്ലൈകോയുടെ ഔദ്യോഗിക ഭാഷണത്തിൽ അങ്ങനെ ഇല്ലെന്നാണ് പലപ്പോഴും അവർ പറയുന്നത്. കർഷകരുമായും ജനപ്രതിനിധികളുമായും നേരിട്ട് സംസാരിച്ചപ്പോൾ അവരുടെ സിബിൽ സ്കോറിനെ ബാധിക്കുന്നുവെന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. വരുംവർഷങ്ങളിൽ അങ്ങനെയുണ്ടാകാതിരിക്കാനുള്ള നടപടിയുടെ ഭാഗമായി അതിനനുസരിച്ചുള്ള സാങ്കേതിക മാറ്റങ്ങൾ പോർട്ടലിൽ കൊണ്ടുവരാനാണ് ലക്ഷ്യംവച്ചിരിക്കുന്നത്.

**സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി**

2(*2) <u>ശ്രീമതി ഒ. എസ്. അംബിക:</u>

*22-06-2026*
*Question Hour*

ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് മുൻ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021-2026 വരെയുള്ള കാലയളവിൽ വിതരണം ചെയ്ത പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പെൻഷൻ ഉപഭോക്താക്കളുടെ എണ്ണത്തിലും തുകയിലെ വർധനവിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(ഡി) പെൻഷൻ വർധിപ്പിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വർധിപ്പിച്ച തുക എന്ന് മുതലാണ് വിതരണം ചെയ്ത് തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ,

(എ) സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. "2235-60-102-89-കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം" എന്ന ശീർഷകത്തിൽനിന്നും ബജറ്റ് വിഹിതം കമ്പനിക്ക് ലഭിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽ നിന്നെല്ലാം കമ്പനി വായ്പ സമാഹരിച്ചുവരികയാണ്.

കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ്സ് ഈടാക്കാൻ തുടങ്ങി. പ്രസ്തുത സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും ക്ഷേമ പെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ ഗുണഭോക്താക്കളുടെ താൽപര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയും നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയും യഥാക്രമം തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)-ന്റെ പേരിലുള്ള അക്കൗണ്ടുകളിലേക്ക്, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽനിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ഡി.ബി.റ്റി. സെൽ വഴിയും നടത്തിവരുന്നു.

(ബി) 2021 മേയ് മുതൽ 2026 ഏപ്രിൽ വരെയുള്ള കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 44938.88 കോടി രൂപയും സർക്കാർ ധനസഹായത്തോടെയുള്ള ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 6071.72 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. ഈ ഇനത്തിൽ കെ.എസ്.എസ്.പി.എൽ. (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്)-ന് 17175 കോടി രൂപ ബാധ്യതയുണ്ട്.

(സി) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ തുകകൾ 1600/- രൂപ വീതമായിരുന്നു. ആയത് 30-10-2025-ലെ സ.ഉ.(അച്ചടി) നം.136/2025/ധന ഉത്തരവ് പ്രകാരം 1600/- രൂപയിൽനിന്നും പ്രതിമാസം 2000/- രൂപയായി വർധിപ്പിച്ചു. 2021 മേയ് മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 4772279 ഗുണഭോക്താക്കൾക്ക് 728,62,11,100/- രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 651572 ഗുണഭോക്താക്കൾക്ക്

102,49,33,100/- രൂപയും അനുവദിച്ചിട്ടുണ്ട്. 2026 ഏപ്രിൽ മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 5119002 ഗുണഭോക്താക്കൾക്ക് 942,72,75,000/- രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 642753 ഗുണഭോക്താക്കൾക്ക് 126,95,99,100/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പുറപ്പെടുവിച്ച 22-05-2026-ലെ സ.ഉ.(കൈ)നം.3/2026/PIE&MD നമ്പർ ഉത്തരവ് പ്രകാരം 'വിഷൻ 2031' എന്ന പേരിൽ ഈ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ദിര ഗാരന്റി (ആറിനങ്ങൾ), സ്വപ്ന പദ്ധതികൾ (അഞ്ചിനങ്ങൾ) എന്നിവ ഉൾപ്പെടെ 1291 ഇന ലക്ഷ്യങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ സാമൂഹ്യ സുരക്ഷ/ക്ഷേമ പെൻഷൻ 3000/- രൂപയായി ഉയർത്തുകയെന്നത് ഇന്ദിര ഗാരന്റിയുടെ ഭാഗമായി ക്രമനമ്പർ 3 ആയും ലക്ഷ്യം 12-ന്റെ ഭാഗമായും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, നിലവിൽ സാമൂഹ്യക്ഷേമ പെൻഷൻ വീടുകളിലെത്തിക്കുന്നത് തുടരുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സാമൂഹ്യക്ഷേമ പെൻഷൻ വീടുകളിലെത്തിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നടപടികൾ തുടരുകയാണ്. നടപടിക്രമങ്ങളിൽ പുതിയതായി എന്തെങ്കിലും മാറ്റം വേണമോയെന്നുള്ളത് തീരുമാനിച്ചിട്ടില്ല.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, സ്ത്രീ സുരക്ഷാ പെൻഷൻ വിതരണം രണ്ടുമാസമായി മുടങ്ങിക്കിടക്കുകയാണ്. ഇത് തുടരുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സ്ത്രീ സുരക്ഷാ പെൻഷൻ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയുടെ ഭാഗമായുള്ളതല്ല. കഴിഞ്ഞ സർക്കാർ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി 2026 ഫെബ്രുവരി മാസം മുതൽ പുതിയതായി നൽകി തുടങ്ങിയതാണ്. ഇതുസംബന്ധിച്ച ഒരു തീരുമാനവും ഈ സർക്കാർ എടുത്തിട്ടില്ല, തീരുമാനമെടുത്തതിനുശേഷം അറിയിക്കുന്നതാണ്.

*22-06-2026*
*Question Hour*

ശ്രീ. എ. സി. മൊയ്തീൻ: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയാൽ ആദ്യഘട്ടത്തിൽത്തന്നെ സാമൂഹ്യക്ഷേമ പെൻഷൻ 3000/- രൂപയായി വർധിപ്പിക്കുമെന്ന് പറയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുകയാണെന്ന് സൂചിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഒരു പ്രഖ്യാപനവും സ്വാഭാവികമായും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സാമൂഹ്യക്ഷേമ പെൻഷൻ വർധനവ് പരിഗണനയിലുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ദിര ഗാരന്റിയായി തിരഞ്ഞെടുപ്പിനുമുമ്പും തിരഞ്ഞെടുപ്പിനുശേഷവും ആറ് പ്രധാനപ്പെട്ട പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ ഒരു പദ്ധതിയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ 3000/- രൂപയാക്കി വർധിപ്പിക്കുകയെന്നുള്ളത്. അതിൽ രണ്ടെണ്ണത്തിലെ ആദ്യ ഗാരന്റിയായി കെ.എസ്.ആർ.ടി.സി.-യിലെ സ്ത്രീകളുടെ സൗജന്യ യാത്ര ആദ്യമാസത്തിൽത്തന്നെ നടപ്പാക്കി. രണ്ടാമതായി ഒരു വയോജന വകുപ്പ് രൂപീകരിക്കുകയെന്നുള്ളതാണ്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ്, ഈ സർക്കാർ അധികാരത്തിലെത്തി ഒരു മാസത്തിനകം, വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ചത്. സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കുന്നതും അതുപോലെയുള്ള ഒരു വാഗ്ദാനമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ 1600/- രൂപയെന്നത് 2500/- രൂപയാക്കി വർധിപ്പിക്കുമെന്നൊരു വാഗ്ദാനമുണ്ടായിരുന്നു. ആദ്യത്തെ നാലേമുക്കാൽ വർഷക്കാലം 1600/- രൂപയിൽനിന്നും ഒരു രൂപപോലും വർധിപ്പിച്ചില്ല. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പത്തെ ആഴ്ചയിലാണ് 1600/- രൂപയെന്നത് 2000/- രൂപയാക്കി വർധിപ്പിച്ചത്. എന്തായാലും അത്തരത്തിലുള്ള ഒരു കാലതാമസം 3000/- രൂപയുടെ കാര്യത്തിൽ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു കാരണവശാലും ഉണ്ടാകുകയില്ല, ജനങ്ങൾക്ക് നൽകിയ വാഗ്ദാനം എത്രയുംവേഗം ഈ സർക്കാർ പാലിക്കുകതന്നെ ചെയ്യും.

ശ്രീ. കെ. വി. സുമേഷ്: സർ, നേരത്തെ 600/- രൂപയായിരുന്ന ക്ഷേമപെൻഷൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2000/- രൂപയാക്കി വർധിപ്പിച്ചു. അർഹരായ കൂടുതൽ ആളുകൾക്ക് പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

*22-06-2026*
*Question Hour*

ശ്രീ. വി. ഡി. സതീശൻ: സർ, പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പീരിയോഡിക്കലായി പരിശോധിക്കേണ്ടതായുണ്ട്. പലപ്പോഴും പെൻഷൻ കൈപ്പറ്റുന്നവരുടെ ലിസ്റ്റിൽനിന്നും ചിലർ അനർഹരായി മാറും. അങ്ങനെ അർഹതപ്പെട്ടവർ ലിസ്റ്റിന് പുറത്തുനിൽക്കുകയും അനർഹരായവർ പെൻഷൻ വാങ്ങുകയും ചെയ്യുന്ന ഒരു സ്ഥിതിയുണ്ടാകും. ലോസ് ഏഞ്ചൽസിൽനിന്നും ഒരാൾ ഫോൺ വിളിച്ച് അദ്ദേഹത്തിന്റെ ഈ മാസത്തെ പെൻഷൻ തുക ലഭിച്ചിട്ടില്ലെന്ന വിവരം അറിയിച്ചുവെന്ന് പ്രധാനപ്പെട്ടൊരു ഉദ്യോഗസ്ഥൻ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ഒരാൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള യോഗ്യത നിശ്ചയിക്കുന്ന അവസരത്തിൽ അവർ അർഹരായിരിക്കും, പിന്നീട് അവരുടെ വരുമാനം വർധിക്കുകയോ മറ്റ് പല കാര്യങ്ങളുടെയോ അടിസ്ഥാനത്തിൽ അവർ അനർഹരായി മാറും. അനർഹരായ ആളുകൾ ലിസ്റ്റിലുള്ളപ്പോൾ അർഹരായ ആളുകൾ പുറത്തുനിൽക്കുകയാണ്. അതുകൊണ്ട് പീരിയോഡിക്കലായുള്ള പരിശോധനകൾ നടത്തി അനർഹരെ ലിസ്റ്റിൽനിന്നും പുറത്താക്കുകയും അർഹരായ ആളുകൾക്ക് പെൻഷൻ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങാതെ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; യു.ഡി.എഫ്.-ന്റെ ഓഫീസിൽനിന്നും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ഒരു വാർത്ത വന്നിരുന്നു; അത്തരം ആളുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നതുകൂടി വ്യക്തമാക്കാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയത്തിൽ അത്തരം ആളുകൾക്കെതിരെ നടപടി സ്വീകരിച്ച വിവരം ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയെ അറിയിക്കുകയുണ്ടായി. ഇത് വളരെ തെറ്റായ നടപടിയാണ്, അത് പ്രോത്സാഹിപ്പിക്കുകയില്ല. പെൻഷൻ മുടങ്ങാതെ നൽകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇപ്പോൾ മുതലുള്ള പെൻഷന്റെ ഉത്തരവ് നാളെ പുറപ്പെടുവിക്കുന്നതാണ്. ഈ മാസത്തെ ക്ഷേമ പെൻഷൻ

24-ാം തീയതി മുതൽ വിതരണം ചെയ്യുന്നതുമാണ്. ഇനിമുതൽ മുടങ്ങാതെ പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു ഉദാഹരണം പറഞ്ഞതിനെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ക്ഷേമപെൻഷൻ വാങ്ങുന്ന അമ്മയുടെ മകനായിരിക്കും ലോസ് ഏഞ്ചൽസിലുള്ള ആൾ. അവർ മകന്റെ സംരക്ഷണയിൽ അവിടെ ആയിരിക്കുകയില്ല, ചിലപ്പോൾ ഇവിടെത്തന്നെ താമസിക്കുന്നവരായിരിക്കും. മകൻ അവിടെ ജോലി ചെയ്യുന്നതിന്റെ ഭാഗമായി അവിടെ പോയതായിരിക്കാം. അത് പെൻഷൻ വാങ്ങുന്നതിനുള്ള അയോഗ്യതയായി കണക്കാക്കുന്നത് ശരിയായ കാര്യമാണോയെന്ന് സംശയമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതൊരു ഉദാഹരണമായി സൂചിപ്പിച്ചതാണ്. നല്ല വരുമാനമുള്ള കുടുംബത്തിലെ ഒരാൾ പെൻഷൻ വാങ്ങുമ്പോൾ തീരെ വരുമാനമില്ലാത്ത കുടുംബത്തിലെ ഒരാൾക്ക് അത് ലഭിക്കാതെ പോകുന്നു. പെൻഷൻ ലഭിക്കുന്നതിന് സർക്കാർ യോഗ്യത നിശ്ചയിച്ച സമയത്ത് അവർ അർഹരായിരിക്കും, പിന്നീട് അവരുടെ വരുമാനം വർധിച്ച് സാമ്പത്തിക നിലയിൽ മാറ്റം വരികയും ചെയ്യുന്ന ധാരാളം കുടുംബങ്ങളുണ്ട്. ഇപ്പോൾ പെൻഷൻ ലഭിക്കുന്നവരുടെ വീടുകളിൽ (എ.സി.) എയർ കണ്ടീഷണർ വയ്ക്കാൻ പാടില്ലെന്ന ഒരു നിബന്ധനയുണ്ട്. ഇതുസംബന്ധിച്ച് വ്യാപകമായ പരാതികൾ വരുന്നുമുണ്ട്. രോഗികളോ പ്രായമായവരോ ഉള്ള വീടുകളിൽ കടുത്ത ചൂടിനെ പ്രതിരോധിക്കുന്നതിനായി ചിലപ്പോൾ മക്കളോ അല്ലെങ്കിൽ മറ്റുള്ള ആരെങ്കിലുമോ ഒരു എ.സി. വാങ്ങി വച്ചിട്ടുണ്ടാകും. എ.സി. വച്ചതുകൊണ്ടുമാത്രം പെൻഷൻ നൽകുന്നില്ലെന്ന പരാതിയുണ്ട്, അക്കാര്യം പരിശോധിക്കാം. മക്കൾ വിദേശത്ത് വലിയ വരുമാനമുള്ള ജോലി ചെയ്യുകയും അതിന്റെ ഒരുഭാഗം മാതാപിതാക്കളുടെ ചെലവിനായി നൽകുകയും ചെയ്യുമ്പോൾ അവരുടെ വരുമാനത്തിൽ വ്യത്യാസമുണ്ടാകുന്നു. ആരെയും ഇതിൽനിന്നും ഒഴിവാക്കണമെന്നല്ല ഞാൻ പറഞ്ഞത്, അനർഹരായ ആളുകൾ വരുമ്പോൾ ആകെ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർധിക്കുകയും അർഹരായവർക്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സാധിക്കാതെ വരികയും ചെയ്യും. അതുകൊണ്ട് സമയാസമയങ്ങളിൽ പരിശോധന നടത്തി, പുറത്തുനിൽക്കുന്ന അർഹരായ

ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്താനും അനർഹരായ ആളുകളെ പുറത്താക്കാനുമുള്ള ഒരു സംവിധാനമുണ്ടാകണം. അതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്. മക്കൾ വിദേശത്താണെങ്കിലും മാതാപിതാക്കളെ അവർ ചിലപ്പോൾ സഹായിക്കണമെന്നില്ല. രണ്ട് ആൺമക്കളുള്ളവരിൽ മൂത്തയാൾക്ക് സഹായിക്കണമെന്നുണ്ടെങ്കിലും അതിനുള്ള നിവൃത്തിയുണ്ടാകില്ല. എന്നാൽ രണ്ടാമത്തെയാൾക്ക് സഹായിക്കാനുള്ള സാഹചര്യമുണ്ടെങ്കിലും സഹായിക്കില്ലെന്ന് ചില അമ്മമാർ പറയാറുണ്ട്. അതുപോലെ പല കുടുംബങ്ങളുമുണ്ട്, അതൊക്കെ പരിശോധിക്കപ്പെടേണ്ട കാര്യങ്ങളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച കാര്യം ഗൗരവമായിത്തന്നെ എടുക്കുന്നു.

<u>ശ്രീ. പി. കെ. ഫിറോസ്</u>: സർ, സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉന്നയിക്കപ്പെടുന്നുണ്ട്. ഒരു വീട്ടിൽ എ.സി ഉള്ളതിന്റെ പേരിൽ സാമൂഹ്യക്ഷേമ പെൻഷൻ നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ട്. രോഗികളായ ആളുകൾക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് എ.സി. സ്ഥാപിക്കുന്നത്. ഡയാലിസിസ് കഴിഞ്ഞ രോഗികളെ കൊണ്ടുപോകാൻ നാട്ടുകാർ പണം പിരിച്ച് വാഹനം വാങ്ങിക്കൊടുത്തിട്ടുണ്ടാകാം. അത്തരം ആളുകൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട ഇത്തരം മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ വിഷയത്തിൽ പരിശോധിക്കപ്പെടേണ്ട ധാരാളം കാര്യങ്ങളുണ്ട്. കാലാകാലങ്ങളിൽ അത് പരിശോധിച്ച് ജനങ്ങളുടെ ഭാഗത്തുനിന്ന് വരുന്ന പരാതികൾകൂടി പരിഹരിച്ച് കുറ്റമറ്റരീതിയിൽ പെൻഷൻ വിതരണം നടത്താനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ഏത് സർക്കാർ അധികാരത്തിൽ വന്നാലും കാലാകാലങ്ങളിൽ പരിശോധന നടത്തി ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതുപോലെ ഇക്കാര്യത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തണമെന്ന് തന്നെയാണ് ഈ സർക്കാരിന്റെയും നിലപാട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷൻ വിഹിതം 2,500 രൂപയാക്കി

വർധിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. അങ്ങനെയാണെങ്കിൽ അറുപത് മാസം അതായത് 5 വർഷം കൊണ്ട് ഓരോ വ്യക്തിക്കും 54,000 രൂപ ലഭിക്കേണ്ടതാണ്. എന്നാൽ, ആകെ 4 മാസം മാത്രം വർധിപ്പിച്ചതിലൂടെ വെറും 1,600 രൂപയുടെ വർധനവാണുണ്ടായത്. വാഗ്ദാനം ചെയ്തതിൽ ഏകദേശം 51,400 രൂപയുടെ കുറവ് പാവപ്പെട്ട പെൻഷൻകാർക്ക് വാഗ്ദാന ലംഘനത്തിലൂടെ നടത്തിയിരിക്കുകയാണ്. ക്ഷേമപെൻഷൻ നൽകാനായി സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഉൾപ്പെടെ ഏർപ്പെടുത്തി ഫണ്ട് സമാഹരിച്ചിട്ടും യഥാസമയം പെൻഷൻ കൊടുക്കാതെ മുടങ്ങിയത് സർക്കാർ ഗൗരവതരമായി കാണുന്നുണ്ടോ; മറ്റൊരു കാര്യം, കഴിഞ്ഞ സർക്കാർ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്ന ഒരാൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ലെന്ന തീരുമാനമെടുത്തിരുന്നു. ക്ഷേമനിധി പെൻഷൻ എന്നുപറഞ്ഞാൽ അംശാദായം അടയ്ക്കുന്നവർക്ക് ലഭിക്കുന്ന തുകയാണ്. അത് നിഷേധിച്ചവരാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ. ഈ സർക്കാർ അതുൾപ്പെടെ കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പെൻഷൻ വിതരണത്തിന്റെയും അതിന്റെ മാനദണ്ഡങ്ങളുടെയും കാര്യത്തിൽ വിശദമായ പരിശോധനയുണ്ടാകണം. ഇപ്പോൾ സർക്കാരിന് അതിനാവശ്യമായ സമയം ലഭിച്ചിട്ടില്ല. തീർച്ചയായും അക്കാര്യം പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പെൻഷൻ വിതരണം നടത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

## **സൗജന്യ പൊതുജനാരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

3(*3) <u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. യു. ആർ. പ്രദീപ്</u>:

<u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

*22-06-2026*
*Question Hour*

(എ) ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രതിവർഷം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ നൽകേണ്ടിവരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇൻഷ്വറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും കൂടുതലായി ആശ്രയിക്കുന്ന ഈ പുതിയ ഇൻഷ്വറൻസ് നയം സർക്കാർ മേഖലയിൽ വികസിച്ചുവരുന്ന പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വകാര്യ ഇൻഷ്വറൻസ് മേഖലയ്ക്ക് പ്രാധാന്യം നൽകുമ്പോൾ നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്ന് ലഭ്യത ഉറപ്പാക്കാനുമുള്ള ഫണ്ട് വിഹിതം സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, (എ) ഉണ്ട്. അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ പല കുടുംബങ്ങളിലും വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഇത്തരം ബാധ്യത ലഘൂകരിക്കുന്നതിനും കുടുംബാംഗങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി" നടപ്പാക്കുന്നതാണ്. ആയതിനായി 22-05-2026-ലെ സ. ഉ. (കൈ) നം. 3/2026/PIEMD എന്ന ഉത്തരവിലെ വിഷൻ 2031-ൽ ഉൾപ്പെടുത്തി പ്രസ്തുത വിഷയം പരിശോധിച്ച് ആയത് നടപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പിനെയും ധനകാര്യ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനും അതിന്റെ പ്രാരംഭ ചെലവുകൾക്കുമായി 2026-27-ലെ പുതുക്കിയ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

*22-06-2026*
*Question Hour*

(സി) ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്കയ്ക്ക് യാതൊരടിസ്ഥാനമില്ല.

(ഡി) ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സാധാരണ ജനങ്ങളുടെ ചികിത്സാചെലവുകൾ ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യപരിപാലനം ഉറപ്പാക്കുന്നതിനുമാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഈ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2017 കോടി രൂപ കുടിശ്ശികയും മരുന്ന് സംഭരണ ഏജൻസിയായ KMSCL-ന് മരുന്ന് സംഭരിച്ച ഇനത്തിൽ 300 കോടി രൂപ കുടിശ്ശികയും ഉണ്ടായിരുന്നു. ആരോഗ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, സംസ്ഥാനത്ത് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 8,425 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് എൽ.ഡി.എഫ്. സർക്കാർ നൽകിയത്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തവർക്ക് സാർവത്രിക ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. ഇങ്ങനെ പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പകരം സ്വകാര്യ ആശുപത്രികളെയും ഇൻഷ്വറൻസ് കമ്പനികളെയും സഹായിക്കുന്നതായി നിർദിഷ്ട ഇൻഷ്വറൻസ് പദ്ധതി മാറില്ലേ; ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ കൂടി പരിഗണിക്കുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സംസ്ഥാനത്ത് ഏറ്റവും പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സൗജന്യ ചികിത്സ എത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള വളരെ വിപുലമായൊരു പദ്ധതിയാണ് "ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി". സർക്കാർ

ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയാൽ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ അടച്ചുപൂട്ടുമെന്നും സ്വകാര്യ ആശുപത്രികൾക്ക് ലാഭം കിട്ടുമെന്നും വളരെ വിചിത്രമായൊരു വാദമാണ്. ഒരു കാരണവശാലും അത് അംഗീകരിക്കാൻ സാധിക്കില്ല.

കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തി ചില്വാനം കോടി രൂപ കുടിശ്ശികയുള്ളതിൽ സ്വകാര്യ ആശുപത്രികൾക്കാണ് ഏറ്റവും കൂടുതൽ തുക കൊടുക്കാനുള്ളത്. നിലവിൽ സ്വകാര്യ ആശുപത്രികളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇപ്പോഴത്തെ ഇൻഷ്വറൻസ് പ്രോജക്ട് നടന്നുകൊണ്ടിരിക്കുന്നത്. സർക്കാർ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുമ്പോൾ പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്വകാര്യ ആശുപത്രിയിൽ ചികിത്സ നിഷേധിക്കുന്നതിന്റെ അർത്ഥം എന്താണ്; എല്ലാവരെയും മെഡിക്കൽ കോളേജിലേയ്ക്കും സർക്കാർ ആശുപത്രിയിലേയ്ക്കും കൊണ്ടുവരിക എന്നാണോ അതിനർത്ഥം; മെഡിക്കൽ കോളേജിലെ ഒരു ബെഡിൽ മൂന്നുപേർ കിടക്കുന്നുവെന്നതാണ് പരാതി. അവിടെയെത്തുന്ന രോഗികളുടെ എണ്ണം കുറച്ച് കൊണ്ടുവരാനുള്ള ശ്രമം കൂടി നടത്തണം. കാരണം, സാധാരണക്കാരായ ആളുകൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സർക്കാർ മെഡിക്കൽ കോളേജുകളെയാണ്. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളും പങ്കാളികളാകും. സ്വകാര്യ ആശുപത്രികളെ പങ്കാളികളാക്കിയില്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മികച്ച ചികിത്സ നിഷേധിക്കുന്നുവെന്നാണ് അതിനർത്ഥം. ഒരു കാരണവശാലും സർക്കാർ അത് അനുവദിക്കില്ല. കൂടാതെ, മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികൾ ഇപ്പോഴും ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാണ്. തുടർന്നും ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി അവർ പ്രവർത്തിക്കുകയും ചെയ്യും.

പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കി ഇൻഷ്വറൻസ് കമ്പനികളുമായി എഗ്രിമെന്റ് വയ്ക്കുമ്പോൾ മാത്രമാണ് സ്റ്റേറ്റ് ഗവൺമെന്റ് എത്ര കോടി രൂപയാണ് പ്രീമിയമായി അടയ്ക്കണമെന്ന് തീരുമാനിക്കുന്നത്. മാത്രമല്ല അതിന്റെ വിശദാംശങ്ങളും തീരുമാനിക്കേണ്ടതുണ്ട്. കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചതുപോലെ ഏറ്റവും പാവപ്പെട്ട

ആളുകൾ പ്രീമിയം അടയ്ക്കേണ്ടതില്ലെന്ന് തീരുമാനിക്കുമ്പോൾ പ്രതിമാസം ഒന്നര ലക്ഷം രൂപ ശമ്പളം കിട്ടുന്ന ഒരാൾ പ്രീമിയം അടയ്ക്കണ്ടെന്ന് തീരുമാനിക്കേണ്ട ആവശ്യമുണ്ടോ; അയാൾ ചിലപ്പോൾ ഒരു നിശ്ചിത തുക പ്രീമിയമായി അടയ്ക്കണമെന്ന് തീരുമാനിക്കേണ്ടിവരും. അതുസംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കാൻ വേണ്ടിയാണ് 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മറിച്ച് 10 കോടി രൂപ ഇൻഷ്വറൻസ് പദ്ധതിക്ക് വകയിരുത്തിയെന്നല്ല അതിനർത്ഥം. ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കും ഡി.പി.ആർ. തയ്യാറാക്കുന്നതിനും വേണ്ടിയാണ് ടി തുക വകയിരുത്തിയത്. സർക്കാർ വാഗ്ദാനം ചെയ്ത പ്രസ്തുത പദ്ധതി നടപ്പാക്കുകതന്നെ ചെയ്യും.

ശ്രീ. എ. പ്രഭാകരൻ: സർ, സൗജന്യ ഇൻഷ്വറൻസ് പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചു. പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സംവിധാനങ്ങൾ പരിമിതമായ പാലക്കാട് പോലുള്ള ജില്ലകളിൽ തൊട്ടടുത്ത സംസ്ഥാനങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെക്കൂടി നിർദിഷ്ട ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസത്തിനുള്ളിലാണ് രണ്ട് ഇന്ദിരാ ഗ്യാരന്റി പദ്ധതികൾ നടപ്പാക്കിയത്. വിശദമായ ആലോചനകൾക്കും ചർച്ചകൾക്കും ശേഷം മാത്രമേ സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. പല ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തുകയും അവരുടെ പ്രൊപ്പോസലുകൾ വാങ്ങുകയും വേണം. സർക്കാരിന് വളരെ ഫീസിബിളായ തരത്തിൽ തടസ്സം കൂടാതെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

കഴിഞ്ഞ സർക്കാർ നടപ്പാക്കിയ മെഡിസെപ് പദ്ധതിയെക്കുറിച്ച് ജീവനക്കാരുടെ ഭാഗത്തുനിന്ന് വ്യാപകമായ പരാതികളാണ് ഉയർന്നുവരുന്നത്. അതിൽ പാനൽ ചെയ്ത ആശുപത്രികളെക്കുറിച്ചുള്ള നിരവധി പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, നിരവധി ആശുപത്രികൾ പാനൽ ചെയ്യപ്പെട്ടിട്ടില്ല. സർക്കാർ ജീവനക്കാരുടെ

കൈയിൽനിന്ന് കോൺട്രിബ്യൂഷൻ വാങ്ങിയശേഷം അവർ ആശുപത്രിയിൽ കിടക്കുമ്പോൾ കൃത്യമായി ചികിത്സ ലഭിക്കുന്ന ആശുപത്രികൾ ആ പാനലിൽ ഉൾപ്പെടുത്തിയിട്ടില്ല. നേത്രരോഗ ആശുപത്രികളെയാണ് ഏറ്റവും കൂടുതലായി പാനലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ജീവനക്കാർ മുഴുവൻ നേത്രരോഗികളാണോ; അല്ല. മെഡിസെപുമായി ബന്ധപ്പെട്ട് അത്തരത്തിൽ ഒരുപാട് പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. ഇതൊക്കെ ഓരോ അനുഭവങ്ങളാണ്; ഞാൻ കുറ്റപ്പെടുത്തി പറഞ്ഞതല്ല. എല്ലാവർക്കും കൃത്യമായി ചികിത്സ ഉറപ്പുവരുത്തുന്ന തരത്തിലാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കേണ്ടത്. സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന രോഗങ്ങളുടെ വിവരങ്ങൾ കൂടി നമ്മൾ അറിയണം. കാൻസർ രോഗം വർധിച്ചുവരികയാണ്. ലിവർ/കിഡ്നി ട്രാൻസ്പ്ലാന്റേഷൻ കൂടുകയാണ്. അപൂർവ രോഗങ്ങൾ വർധിക്കുകയാണ്. സംസ്ഥാനത്തിന്റെ ആരോഗ്യസ്ഥിതി വളരെ ഗൗരവമാണ്. അതിന് ഭീമമായ ചികിത്സാച്ചെലവാണ് നേരിടേണ്ടിവരുന്നത്. ഒരു ഹാർട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് 35 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ബൈപ്പാസ് സർജറിയുടെ ചെലവ് വർധിച്ചു, സ്റ്റെന്റ് ഇടാനുള്ള തുക വർധിച്ചു. ഏറ്റവും പാവപ്പെട്ട ഒരു കുടുംബത്തിലെ ഒരാൾക്ക് ഒരു രോഗം വന്നാൽ തലമുറകളോളം അവർ കടക്കെണിയിലാകുന്ന സ്ഥിതിയിലേയ്ക്ക് കേരളത്തിലെ ആരോഗ്യരംഗം മാറുകയാണ്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നിരവധി രോഗങ്ങൾ വരികയാണ്. അവയൊക്കെ അഡ്രസ് ചെയ്തുകൊണ്ടുള്ള വളരെ വിശദമായൊരു പദ്ധതി തയ്യാറാക്കി തീർച്ചയായും നടപ്പാക്കുക തന്നെ ചെയ്യും. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രഖ്യാപിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, നിലവിൽ വിവിധ പദ്ധതികളിലായി സംസ്ഥാനത്ത് സൗജന്യ ചികിത്സാസഹായം നൽകിവരുന്നുണ്ട്. ഇതെല്ലാം പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടാണോ പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പഠനത്തിനായി പത്തുകോടി രൂപ മാറ്റിവച്ചിട്ടുണ്ടെന്ന് ബഹു. മുഖ്യമന്ത്രി പറയുകയുണ്ടായി. എല്ലാ പദ്ധതികളെയും ഒന്നാക്കിമാറ്റി ഒറ്റ ചികിത്സാ പദ്ധതിയാക്കി മാറ്റാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

*22-06-2026*
*Question Hour*

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത്രയും വിശദാംശങ്ങളിലേക്ക് കടന്നിട്ടില്ല. സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഇൻഷ്വറൻസ് പ്രോജക്ട് എല്ലാ ഏരിയയും കവർ ചെയ്യുമെങ്കിൽ, പാവപ്പെട്ടവർക്കും സാധാരണക്കാർക്കും രോഗം വന്നാൽ അവർക്ക് ചികിത്സാസഹായം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക് ഒറ്റ പെൻഷനാക്കിയതുപോലെയല്ല ഇത്. അവർക്ക് ലഭിക്കുന്ന വേറെയേതെങ്കിലും ആനുകൂല്യങ്ങൾ ഇല്ലാതാക്കുകയെന്നല്ല ഇതിലൂടെ കൊണ്ടുദ്ദേശിക്കുന്നത്. ചികിത്സയ്ക്ക് പൂർണ്ണമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആ പദ്ധതി ഏതെല്ലാം തലങ്ങളിൽ കവർ ചെയ്യാൻ സാധിക്കുമോ അത്തരം തലങ്ങൾ മുഴുവൻ കവർ ചെയ്യും. അങ്ങനെ കവർ ചെയ്യുന്നൊരു പദ്ധതി നിലവിലുണ്ടെങ്കിൽ അത് മാറ്റുകയും കവറേജിന് പുറത്താണ് നിലവിലുള്ള പദ്ധതിയെങ്കിൽ ആ പദ്ധതി തുടരുകയും ചെയ്യും. പദ്ധതിയുടെ കവറേജ് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി നിരന്തരം ചർച്ച നടത്തിയശേഷം മാത്രമേ ഫൈനലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ പേരിൽ നിലവിലുള്ള ആനുകൂല്യങ്ങളൊന്നും ഇല്ലാതാവില്ല. പുതിയ ഇൻഷ്വറൻസ് കവറേജിൽ ഇപ്പോൾ കിട്ടുന്ന ഒരാനുകൂല്യം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് മാറ്റും, കാരണം ഒരേസമയം രണ്ട് ഇൻഷ്വറൻസ് ആനുകൂല്യം നൽകാൻ കഴിയില്ല.

<u>ശ്രീ. യു. ആർ. പ്രദീപ്:</u> സർ, യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിനേക്കാൾ മികച്ച രീതിയിൽ കാര്യങ്ങൾ ചെയ്യുമെന്ന് ജനങ്ങളെ വിശ്വസിപ്പിച്ചാണ് മികച്ച ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നിരിക്കുന്നത്. എന്നാൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയും സ്ത്രീകൾക്കുള്ള സൗജന്യയാത്രയും ഇന്ദിരാ ഗ്യാരന്റിയിൽ ഉൾപ്പെട്ട പദ്ധതികളാണ്. എന്നാൽ, സൗജന്യയാത്ര പ്രഖ്യാപിക്കുന്ന ദിവസം പലരും യാത്രചെയ്യാൻ തയ്യാറായി വന്നപ്പോൾ ഓർഡിനറി സർവീസുകളെല്ലാം ബോർഡുമാറ്റി സ്പീഡ് സർവീസുകളായി ഓടുന്നൊരു കാഴ്ച ജനങ്ങൾക്ക് വലിയ തിരിച്ചടിയായി. അത്തരമൊരു പദ്ധതിയായി ഇതും മാറുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കാമോ?

*22-06-2026*
*Question Hour*

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം വിഷയവുമായി ബന്ധപ്പെട്ട ചോദ്യമല്ല ചോദിച്ചതെങ്കിലും ഞാൻ മറുപടി പറയാം. ഒരു മാസത്തിനുള്ളിൽ ആദ്യത്തെ ഇന്ദിരാ ഗ്യാരന്റി നടപ്പാക്കിയപ്പോൾ, പണ്ട് ആയിരത്തി അറുന്നൂറ് രൂപയുടെ പെൻഷൻ രണ്ടായിരത്തി അഞ്ഞൂറ് ആക്കുമെന്ന് പറഞ്ഞിട്ട് നാലേമുക്കാൽ വർഷം കഴിഞ്ഞ് നാന്നൂറ് രൂപ കൂട്ടിയതുപോലെയല്ല ഇത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ആദ്യമാസം തന്നെ ഇന്ദിരാ ഗ്യാരന്റി നടപ്പാക്കി. ഒരു ഓർഡിനറി ബസ്സുപോലും ഫാസ്റ്റ് ബസ്സാക്കി മാറ്റിയിട്ടില്ല. അതിനുള്ള മറുപടി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി തന്നെ പറയും. സോഷ്യൽ മീഡിയവഴിയും അല്ലാതെയും വ്യാപകമായ കള്ളപ്രചരണമാണ് പ്രതിപക്ഷം കേരളത്തിൽ നടത്തിയത്. ആ കള്ളപ്രചരണം അങ്ങയെപ്പോലുള്ള വളരെ പ്രധാനപ്പെട്ടൊരു എം.എൽ.എ. സഭയിൽ ഉന്നയിച്ചതിൽ അതിശക്തമായ പ്രതിഷേധം ഞാനിവിടെ രേഖപ്പെടുത്തുകയാണ്. ഒരു കാരണവശാലും നടക്കാത്ത കാര്യമാണ്. അതിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറയും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, മുന്നൂറ്റി എൺപത്തിനാല് സിറ്റിഫാസ്റ്റ് ബസ്സുകളാണ് ആകെയുള്ളത്. അതിൽ ഒരു ഓർഡിനറി ബസ്സുപോലും സിറ്റിഫാസ്റ്റാക്കി മാറ്റിയിട്ടില്ല. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ, അവിടുത്തെ ആളുകളുടെ അഭ്യർഥനപ്രകാരം ഒരു സിറ്റിഫാസ്റ്റ് ബസ്സിനെ ഓർഡിനറി ബസ്സാക്കി മാറ്റി. അത് ഉദ്ഘാടനം ചെയ്ത അംഗമാണ് ശ്രീ. എം. വിൻസെന്റ്. അതുകൊണ്ട് ആരോ ഒരു പ്രചാരണം നടത്തിയെന്ന് കരുതി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വിശ്വസിക്കരുത്. ഏതെങ്കിലും ഒരു ഓർഡിനറി ബസ് സിറ്റി ഫാസ്റ്റാക്കി മാറ്റിയിട്ടുണ്ടെങ്കിൽ രേഖാമൂലം എഴുതിത്തന്നാൽ അക്കാര്യം വിശദമായി അന്വേഷിക്കുന്നതാണ്. ഒരിക്കലും അങ്ങനെ പറയാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുകയാണ്. അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. പി. സുമോദ്: സർ, തിരുവനന്തപുരത്ത് ഓർഡിനറി ബസ്സുകളിൽ സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ ഒട്ടിക്കുന്നുവെന്ന വ്യാപക പ്രചാരണം നടത്തിയത് മാധ്യമങ്ങളാണ്. അത്തരം മാധ്യമങ്ങൾ നൽകിയ വാർത്തയുടെ അടിസ്ഥാനത്തിലായിരിക്കാം ശ്രീ. യു. ആർ.

പ്രദീപ് അക്കാര്യം ഇവിടെ സൂചിപ്പിച്ചത്. തൊണ്ണൂറ് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് പ്രതിവർഷം ഭീമമായ തുക വേണ്ടിവരും. ടി തുക എപ്രകാരം കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, എത്ര കോടി രൂപയാണ് സ്റ്റേറ്റ് ഗവൺമെന്റ് പ്രീമിയം അടയ്ക്കേണ്ടതെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ ടി തുക സർക്കാർ കണ്ടെത്തും. കെ.എസ്.ആർ.ടി.സി.-യിൽ ഓർഡിനറി ബസ്സിന് യാത്ര ചെയ്യാൻ അനുവാദം കൊടുത്തപ്പോൾ എഴുന്നൂറിനും എണ്ണൂറിനും ഇടയിൽ കോടിരൂപ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് കണ്ടെത്തി കൊടുക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുകയും ചെയ്യും. ഈ ഗവൺമെന്റിന് ഒരു ഇക്കണോമിക് മോഡലുണ്ട്. ആ ഇക്കണോമിക് മോഡൽ വളരെ ശ്രദ്ധയോടും കാര്യക്ഷമമായും നടപ്പാക്കും. ഇപ്പോൾ ഗവൺമെന്റിന്റെ പ്രീമിയം എത്രയാണെന്ന് തീരുമാനിക്കാൻ കഴിയില്ല. ഞാൻ ആവർത്തിച്ചാവർത്തിച്ച് ഇക്കാര്യം പറഞ്ഞതാണ്. നേരത്തെ പെൻഷന്റെ കാര്യം പറഞ്ഞപ്പോഴും വളരെ വ്യക്തമായി പറഞ്ഞക്കാര്യമാണത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഒരു മാസം തികയുന്നതിനുമുമ്പ് രണ്ട് ഇന്ദിരാ ഗ്യാരന്റികൾ നടപ്പാക്കി ഇന്ത്യയ്ക്ക് മാതൃകയായി തുടരുന്ന സർക്കാരിന്റെ പ്രയാണത്തെ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. അൻപതുശതമാനത്തോളം ആളുകളും ഹോസ്പിറ്റൽ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളും വൃക്ക-മജ്ജ-ലിവർ മാറ്റിവയ്ക്കൽ പോലുള്ള ചികിത്സാച്ചെലവുകൾക്കായി നേരിടുന്ന പ്രയാസങ്ങളുമൊക്കെ പറഞ്ഞുകൊണ്ടാണ് ഓരോ നിയമസഭാ സാമാജികരുടെയും ഓഫീസിനുമുന്നിലേയ്ക്ക് എത്തുന്നത്. എന്നാൽ, ബഹുമാന്യനായ മുഖ്യമന്ത്രി നല്ല ഹോംവർക്ക് നടത്തി ഇന്ത്യയിലേറ്റവും മികച്ച മുഖ്യമന്ത്രിയാണെന്ന് ഇതിനോടകം തെളിയിച്ചുകഴിഞ്ഞു. ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പോളിസിയിൽ കിഡ്നി മാറ്റിവെയ്ക്കൽ, വൃക്ക മാറ്റിവെയ്ക്കൽ, മജ്ജയും ലിവറും മാറ്റിവെയ്ക്കുന്നതുൾപ്പെടെയുള്ള ചികിത്സാച്ചെലവുകൾ ഉൾപ്പെടുത്തുമോയെന്നതാണ്. മഞ്ചേശ്വരം മണ്ഡലത്തിലെ ആളുകൾക്ക് ആശ്രയിക്കാവുന്ന ഏക ആശുപത്രിയാണ് പരിയാരം മെഡിക്കൽ കോളേജ്. 50-60 ശതമാനത്തോളം ആളുകൾ മംഗലാപുരത്തെ

ഹോസ്പിറ്റലുകളെയും മെഡിക്കൽ കോളേജുകളെയുമാണ് ആശ്രയിക്കുന്നത്. അങ്ങയുടെ ഇൻഷ്വറൻസ് പോളിസിയിൽ കാസർഗോഡ് അതിർത്തിയിലെ ആളുകളുടെ ചികിത്സാർത്ഥം മംഗലാപുരത്തെ ഹോസ്പിറ്റലുകളെക്കൂടി ഉൾപ്പെടുത്തുമോ; കഴിഞ്ഞ കാലങ്ങളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലും അതുൾപ്പെട്ടിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഗുരുതരമായ രോഗങ്ങൾ ബാധിക്കുമ്പോൾ ലക്ഷക്കണക്കിന് രൂപയാണ് ഓരോ കുടുംബത്തിനും ചെലവാക്കേണ്ടി വരുന്നത്. ഇതോടെ ആ കുടുംബത്തിന്റെ ബാലൻസ് മുഴുവൻ നഷ്ടപ്പെടുകയാണ്. സാധാരണക്കാരായ ആളുകൾ വീട് പണയപ്പെടുത്തിയാണ് ചികിത്സാച്ചെലവിനുള്ള പണം കണ്ടെത്തുന്നത്. അത്തരത്തിലുള്ള നിരവധി കേസുകൾ എനിക്കറിയാം. പിന്നീട് ബാങ്കിന്റെ റിക്കവറി നടപടികൾ നേരിടേണ്ടി വന്ന പല കുടുംബങ്ങളുടെ കാര്യവും നമുക്കറിയാം. ഏറ്റവും കൂടുതൽ ചികിത്സ ചെലവുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. കേരളത്തിന്റെ Out-of-pocket expenditure 70 ശതമാനമാണ്. ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിദേശത്തും ഇന്ത്യയിലും സംസ്ഥാനത്തുമുള്ള 300-ഓളം ആരോഗ്യ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഹെൽത്ത് കോൺക്ലേവ് നടത്തുകയും അതിനായി ഹെൽത്ത് കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. അതുസംബന്ധിച്ച് വിശദമായി പഠനം നടത്തിയശേഷമാണ് മാനിഫെസ്റ്റോ തയ്യാറാക്കിയത്. ആ മാനിഫെസ്റ്റോയുടെ തുടർച്ചയായിട്ടാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗവും ബജറ്റും അവതരിപ്പിച്ചത്. ആരോഗ്യമേഖലയിലെ വിഷയങ്ങൾ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. കാരണം, ഓരോ കുടുംബവും സാമ്പത്തികമായി അത്രമാത്രം തകർന്നുപോവുകയാണ്. ജനപ്രതിനിധികൾ എന്ന നിലയിൽ രാവിലെ മുതൽ നാമോരോരുത്തരെയും കാണാൻ വരുന്നവരിൽ ബഹുഭൂരിപക്ഷം ആളുകളും ചികിത്സിക്കാൻ നിവൃത്തിയില്ലാത്ത ആളുകളാണ്. ജനപ്രതിനിധി എന്ന നിലയിൽ ഇത്തരത്തിലുള്ള എത്രയോ കേസുകളാണ് ദിനംപ്രതി നമ്മൾ കൈകാര്യം ചെയ്യുന്നത്. ചില രോഗികൾ ആശുപത്രിയിൽ വച്ചുതന്നെ മരണപ്പെട്ടാൽ ബില്ലടയ്ക്കാൻ പണമില്ലാത്തതിനാൽ മൃതദേഹം കൊണ്ടുപോകാൻപോലും ബന്ധുക്കൾക്ക് സാധിക്കുന്നില്ല.

കാരണം, ആശുപത്രി ബില്ലടക്കണം. അവർക്ക് പേയ്മെന്റ് കൊടുക്കാനാവശ്യമായ പണമില്ല; പേയ്മെന്റ് കൊടുത്താൽ മാത്രമെ മൃതദേഹം പുറത്തുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ആശുപത്രിയിൽനിന്ന് മൃതദേഹം കുടുംബാംഗങ്ങൾക്ക് വിട്ടുകൊടുക്കാനായി ഞാനുൾപ്പെടെ നമ്മളെല്ലാവരും എത്ര ആശുപത്രികളിൽ ഗ്യാരന്റി കൊടുത്തിട്ടുണ്ട്. ഇത് ഗൗരവതരമായ വിഷയമാണ്. ഇതിന്റെ ഭാഗമായി പാവപ്പെട്ട ആളുകൾക്കുവേണ്ടി പല ആശുപത്രികളിലും ലക്ഷക്കണക്കിന് രൂപ കടം പറഞ്ഞിരിക്കുകയാണ്. ഇതിനൊക്കെ ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന സദുദ്ദേശത്തോടുകൂടിയാണ് ഉമ്മൻ ചാണ്ടിയുടെ പേരിൽ ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. ഏറ്റവും കൂടുതൽ കാരുണ്യ പ്രവൃത്തികൾ ചെയ്യാൻ നമ്മളെല്ലാവരെയും പ്രേരിപ്പിച്ച വലിയ മനുഷ്യന്റെ നാമധേയത്തിലാണ് യു.ഡി.എഫ്. സർക്കാർ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സൗജന്യ ഇൻഷ്വറൻസ് പദ്ധതിയിൽ മംഗലാപുരത്തെ ആശുപത്രികളെ ഉൾപ്പെടുത്തുമോയെന്ന ആവശ്യത്തിന് സമാനമാണ് പാലക്കാട് ജില്ലയിലെ പ്രദേശങ്ങളിൽ ആശുപത്രികളില്ലാത്തതുകൊണ്ട് കോയമ്പത്തൂരിലെ ആശുപത്രികൾ ഉൾപ്പെടുത്തുമോയെന്ന് ബഹുമാനപ്പെട്ട മലമ്പുഴ അംഗം ഉന്നയിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ചില പ്രത്യേക ജില്ലകൾക്ക് പരിഗണന നൽകാൻ സാധിക്കുമോയെന്ന കാര്യം തീർച്ചയായും ആലോചിക്കുന്നതാണ്.

**തദ്ദേശമേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ**

4(*4)ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. എം. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവനരഹിതരുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും സേവനനിലവാരം മെച്ചപ്പെടുത്താനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ തദ്ദേശമേഖലയിലെ നേട്ടങ്ങൾക്ക് ദേശീയ തലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവനരഹിതരുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(i) ലൈഫ് പദ്ധതി

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 15-06-2026 വരെ 6,09,514 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,02,401 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെയും പാർട്ട്ണർഷിപ്പിലൂടെ നിർമ്മാണം ആരംഭിച്ച 3 ഭവനസമുച്ചയങ്ങളിൽ 2 ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ ഭാഗമായി 15-06-2026 വരെ 2984.464 സെന്റ് (29.84 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

ലൈഫ്-കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം മുഖേന 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി. മേൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 509 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള രജിസ്ട്രേഷൻ

നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എ-യുടെ ആഭിമുഖ്യത്തിൽ നൽകുന്ന വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ii)പി.എം.എ.വൈ (നഗരം)

പി.എം.എ.വൈ (നഗരം) പദ്ധതിയുടെ ഭാഗമായി 1,01,437 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിടസമുച്ചയം നിർമ്മിക്കുന്നതിനുള്ള അഫോർഡബിൾ ഹൗസിങ് ഇൻ പാർട്ട്ണർഷിപ്പ് ഘടകത്തിൽ ഉൾപ്പെടുത്തി 11 പാർപ്പിട സമുച്ചയങ്ങളിലായി 970 കുടുംബങ്ങൾക്ക് ഭവന യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു. 530 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

(iii). പി.എം.എ.വൈ (ഗ്രാമിൺ)

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 34,265 വീടുകൾ പൂർത്തീകരിച്ചു.

PM-JANMAN പദ്ധതിയുടെ ഭാഗമായി അനുവദിച്ച 1,282 വീടുകളിൽ 63 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

മേൽ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യവികസനം (Infrastructure Development) ഉറപ്പാക്കുന്നതിനായി പൊതു ആസ്തികളായ റോഡുകൾ, ജലസ്രോതസ്സുകൾ, ആധുനിക മാർക്കറ്റുകൾ, അറവുശാലകൾ, ഗ്യാസ് ക്രിമെറ്റോറിയങ്ങൾ, ആധുനിക ഓഫീസ് കെട്ടിടങ്ങൾ, കെ-സ്മാർട്ടിലൂടെ ലഭിക്കുന്ന അടിസ്ഥാന സൗകര്യവികസന വിവര ശേഖരണ സംവിധാനം, മാലിന്യ സംസ്കരണ അടിസ്ഥാനസൗകര്യ പദ്ധതികൾ, കുടിവെള്ള വിതരണ സംവിധാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, നിരവധി ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവ സർക്കാർ നടപ്പാക്കി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്തെ നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനും പൗരന്മാർക്ക് സേവനങ്ങൾ വേഗത്തിലും സുതാര്യമാക്കുന്നതിനുമായി കേരള സൊല്യൂഷൻ ഫോർ മാനേജിങ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ (K-SMART) നടപ്പാക്കി. വിശദവിവരം അനുബന്ധമായി ആയി ചേർക്കുന്നു+.

(ഡി) കുടുംബശ്രീ നാഷണൽ അവാർഡ്, കേരളത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അവാർഡ്, നിർമ്മൽ പുരസ്കാരം, ദീനദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരണ പുരസ്കാരം, GPDP അവാർഡ് തുടങ്ങിയ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. തദ്ദേശമേഖലയിലെ നേട്ടങ്ങൾക്ക് കേരളത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> സർ, ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം ഉറപ്പാക്കാൻ 2017-ൽ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇതിനോടകം 5 ലക്ഷത്തിലധികംപേർക്ക് വീട് വച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതി നിർത്താലാക്കപ്പെടുമോയെന്ന ആശങ്ക പൊതുജനങ്ങൾക്കിടയിൽ വന്നിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എം. ഷാജി:</u> സർ, നിലവിൽ ഇതുസംബന്ധിച്ച ആശങ്ക നിലനിൽക്കുന്നില്ല. പത്ത് വർഷക്കാലത്തിനിടയിലാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ അഞ്ച് ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. കേരളത്തിലെ മറ്റെല്ലാ ഭവനപദ്ധതികളും നിർത്തലാക്കി ലൈഫ് പദ്ധതിയിൽ മാത്രം കേന്ദ്രീകരിക്കുകയും ചെയ്തിട്ടാണ് ഈ വീടുകളുടെ പൂർത്തീകരണം നടത്തിയിരിക്കുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> സർ, പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണമാരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ കുടുംബങ്ങൾക്ക് അർഹമായ തുക നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ;

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുസംബന്ധിച്ച് ബജറ്റിൽ പ്രത്യേക പരാമർശം നടത്തിയതായി കാണുന്നില്ല; ഇതുസംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. കെ. എം. ഷാജി: സർ, നിലവിൽ 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ടി വീടുകളുടെ നിർമ്മാണത്തിന് യാതൊരുവിധ തടസവുമുണ്ടാകുന്നതല്ല.

ശ്രീ. സജി ചെറിയാൻ: സർ, നിലവിൽ ഭൂരഹിതരായ ഭവനരഹിതർക്കായി നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് നിർമ്മിക്കുന്നതിന് 4,00,000 രൂപയാണ് നൽകുന്നത്. ഈയടുത്ത കാലത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനവിന്റെ സാഹചര്യത്തിൽ ടി പദ്ധതിക്ക് നൽകിവരുന്ന തുക വർധിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ഷാജി: സർ, യു.ഡി.എഫ് സർക്കാർ അധികാരമേറ്റ ഒരു മാസത്തിനിടയിൽ പെട്രോളിയം ഉൽപന്നങ്ങൾക്ക് പ്രത്യേക വിലക്കയറ്റമൊന്നും ഉണ്ടായിട്ടില്ല. സ്വഭാവികമായി ഉണ്ടായിട്ടുള്ള വിലക്കയറ്റം മാത്രമേ വന്നിട്ടുള്ളൂ. എന്നാൽ ഇതൊരു ഭീഷണിയാണ്; വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വിലക്കയറ്റം ഒരു വിഷയമാണ്. ഇതൊരു പുതിയ വിഷയമല്ല. ഇത് നേരത്തെയുള്ളതാണ്. അതുകൊണ്ട് ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവരുന്ന രീതിയിൽ നേരത്തെ ലൈഫ് പദ്ധതിയിലെ എല്ലാ വീടുകളും ഒരുമിച്ച് ഒരു പദ്ധതിയിലായിരുന്നു. ഇപ്പോൾ എസ്.സി/എസ്.ടി. വിഭാഗത്തിനും തുറമുഖ മേഖലയിലുള്ളവർക്കും പ്രത്യേകം രീതിയിൽ വീട് നിർമ്മിക്കാനുള്ള ഫണ്ടാണ് നൽകുന്നത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെത്തന്നെ അധികാരം കവരുന്നതാണ്. അതിനാൽ ഇത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, ഇവിടെ ആരുടെയും അധികാരവും കവർന്നെടുക്കുന്ന പ്രശ്നമില്ല. മാത്രമല്ല, ലൈഫ് പദ്ധതിയടക്കം മൊത്തത്തിൽത്തന്നെ ഭവന പദ്ധതി പരമാവധി ആളുകൾക്ക് വീടുകൾ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ നിലവിലുള്ള പദ്ധതികളിലാണോ

പരിശോധിക്കേണ്ടത്; അതോ ഇനി വരുന്ന പദ്ധതികളിലാണോ കൂടുതൽ മെച്ചമുള്ളതെന്ന് പരിശോധിച്ചുതന്നെയാണ് സർക്കാർ അതിൽ നടപടി സ്വീകരിക്കുന്നത്.

മി. സ്പീക്കർ: ചോദ്യോത്തര സമയം അവസാനിക്കാറായതിനാൽ പെട്ടെന്ന് ചോദ്യം ചോദിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം.

ശ്രീ. ടി. എം. ശശി: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ കെ-സ്മാർട്ട്, ഡി.ജി. കേരള, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിരുന്നു. ഇത്തരത്തിൽ മാതൃകപരമായ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. ഷാജി: സർ, കേരളത്തിലെ എല്ലാ നല്ല പദ്ധതികളും ഈ സർക്കാർ തീർച്ചയായും മുന്നോട്ടുകൊണ്ടുപോകുമെന്ന കാര്യത്തിൽ യാതൊരു മാറ്റവുമില്ല. എന്നാൽ ആധുനിക കാലത്തിനനുസൃതമായി പുതിയ പദ്ധതികൾ ആവശ്യമാണെങ്കിൽ അതും നടപ്പാക്കാൻ തയ്യാറാണ്. നിലവിലുള്ള പദ്ധതികളിൽ എന്തെങ്കിലും അപ്ഡേഷൻ ആവശ്യമുണ്ടെങ്കിൽ അതും നടപ്പാക്കുകതന്നെ ചെയ്യും.

ശ്രീ. ടി. ജെ. വിനോദ്: സർ, പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിയിൽ 50,000 രൂപ സംസ്ഥാന ഗവൺമെന്റിന്റെയും 1,50,000 രൂപ കേന്ദ്ര ഗവൺമെന്റിന്റെയും 2,00,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലോണായി ഹഡ്കോ വായ്പമായാണ് മൊത്തം 4,00,000 രൂപ അനുവദിക്കുന്നത്. ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ ബാധ്യതകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. ടി ബാധ്യത പരിഹരിക്കാൻ എന്തെങ്കിലും നടപടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നോ?

ശ്രീ. കെ. എം. ഷാജി: സർ, അത്തരത്തിൽ ഏതെങ്കിലും ഒരു വിഹിതം കുറച്ചെടുക്കുന്നതിനുള്ള യാതൊരു നടപടിയുമുണ്ടായിട്ടില്ല.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരവേള കഴിഞ്ഞു.)

* * * * * * * * * *

*22-06-2026*

*Question Hour*